# കേരള സർക്കാർ
## സംഗ്രഹം

വനം വകുപ്പ് – ജീവനക്കാര്യം – ഫോറസ്റ്റ് ഗാർഡ് തസ്തികയിലെ 300 ഒഴിവുകൾ ആദിവാസികളിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നല്കാൻ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================

**വനം, വന്യജീവി (എഫ്) വകുപ്പ്**

**ജി.ഒ. (എം.എസ്)68/2001/വനം തിരുവനന്തപുരം, തീയതി : 17.11.2001.**

പരാമർശം:– ഭാരത സർക്കാരിന്റെ ഇൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ് മിനിസ്ട്രിയിലെ ഡയറക്ടർ ജനറൽ ഓഫ് ഫോറസ്റ്റ് ആന്റ് സ്പെഷ്യൽ സെക്രട്ടറിയുടെ 05.10.2001–ലെ ഡി.ഒ. നംപർ. 6–15/92–എഫ്.പി. നമ്പർ കത്ത്

.

## ഉത്തരവ്

വനം സംബന്ധമായി ആദിവാസികൾക്കുള്ള അസാധാരണമായ അറിവും, സുപരിചിതത്വവും, വനം–പരിസ്ഥിതി സംബന്ധമായ അവരുടെ പരിജ്ഞാനവും പ്രയോജന പ്പെടുന്നതിലേയ്ക്കായി ഫോറസ്റ്റ് ഗാർഡ് തസ്തികകളിൽ തദ്ദേശിയരായ ആദിവാസികളെ നിയമിക്കണമെന്ന് കേന്ദ്രസർക്കാർ മേൽ പരാമർശ പ്രകാരം സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചു. പാർലമെന്ററി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ ഈയിടെ യോഗം ഈ കാര്യം ചർച്ച ചെയ്യുകയും ഫോറസ്റ്റ് ഗാർഡ് തസ്തികയിൽ ആദിവാസികൾക്ക് മുൻഗണന നല്കുന്നതിനായി ആവശ്യമെന്നു കണ്ടാൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയിലും ശാരീരിക യോഗ്യതയിലും ഇളവ് അനുവദിക്കണമെന്ന് ശുപാർശ ചെയ്തു. ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള നടപടികൾ സർക്കാരിനെ അറിയിക്കണ മെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ ഫോറസ്റ്റ് ഗാർഡ് തസ്തികയിൽ (നിലവിലുള്ള ഒഴിവുകൾ ഉൾപ്പെടെ) 300 ആദിവാസികളെ നിയമിക്കുന്നതിനായി, പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പരിമിതപ്പെടുത്തി യിട്ടുള്ള നിലവിലുള്ള യോഗ്യതകൾ വ്യവസ്ഥ ചെയ്തുകൊണ്ട് ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുവാനും, സ്പെഷ്യൽ റിക്രൂട്ട്മെന്റ് ജില്ലാ റിക്രൂട്ട്മെന്റ് വഴി ആറുമാസത്തിനകം പ്രസ്തുത നിയമനം നടത്തുവാൻ ഉതകുംവിധം പബ്ളിക് സർവ്വീസ് കമ്മിഷൻ വിജ്ഞാപനം പുറപ്പെടുവിച്ച് നടപടി ക്രമങ്ങൾ പൂർത്തിയാക്കുവാൻ ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
(ഒപ്പ്)
ഇ.കെ. ഭരത്ഭൂഷൻ,
സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം.